**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2859** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ജനറൽ, പട്ടികജാതി വിഭാഗം എന്നിങ്ങനെ വേർതിരിവില്ലാതെ ഒഴിച്ച് കൂടാൻ പറ്റാത്ത സാഹചര്യത്തിൽ 12 വർഷം കഴിഞ്ഞാൽ സർക്കാർ അനുമതി ഇല്ലാതെ വീടും സ്ഥലവും കൈമാറ്റം ചെയ്യാൻ അനുമതിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ പട്ടികജാതി വിഭാഗക്കാർക്ക് മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 12 വർഷം കഴിഞ്ഞാൽ സർക്കാർ അനുമതി ഇല്ലാതെ വീടും സ്ഥലവും കൈമാറ്റം ചെയ്യാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂമി 15 വർഷത്തിനുള്ളിൽ അനന്തരാവകാശികൾ ഉൾപ്പെടെ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുവാനോ പാടില്ല എന്ന വ്യവസ്ഥ സ.ഉ.(കൈ)നം. 13/2023/പജപവവിവ., തീയതി: 23.05.2023 പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ല. പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കുന്ന സ്ഥലവും വീടും 12 വർഷം കഴിഞ്ഞാൽ സർക്കാർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ അനുമതി നൽകുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ